## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** **13-07-2022 - ൽ മറുപടിയ്ക്ക്**

## എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ വി ശശി,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന പദ്ധതിയിലൂടെ പട്ടയ വിതരണത്തിൽ റെക്കോർഡ് നേട്ടം കൈവരിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കഴിഞ്ഞിട്ടുണ്ട്. ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13,514 പട്ടയങ്ങളും, രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41,021 പട്ടയങ്ങളും ഉൾപ്പെടെ ആകെ 54,535 പട്ടയങ്ങൾ ഈ സർക്കാരിന്റെ ഒരു വർഷ കാലത്ത് നൽകിയിട്ടുള്ളതാണ്. എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എന്ന ആശയം പ്രാവർത്തികമാക്കുന്നതിന് വിപുലമായ സംവിധാനങ്ങളാണ് വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. ഓരോ പ്രദേശത്തേയും ഭൂമിയുടെ ലഭ്യത പട്ടയ വിതരണത്തിനുള്ള തടസ്സം, ഭൂരഹിതരുടെ വിവരം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഒരു ഡാഷ് ബോർഡ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് ഈ റെക്കോർഡ് നേട്ടം കൈവരിക്കാനായത്. |
| (ബി) | വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയിൽ താമസിക്കുന്ന ഭൂരഹിതരായവർക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ സംസ്ഥാനത്ത് 1960 ലെ കേരള ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരമാണ് ഭൂമി പതിച്ചു നൽകുന്നത്. മറ്റു വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി കൈവശം ഇരിക്കുന്നവർക്ക് ആ വകുപ്പിനു ആക്ഷേപമില്ലാത്തപക്ഷം ഭൂമി റവന്യൂ വകുപ്പിലേക്ക് പുനർ നിക്ഷിപ്തമാക്കിയ ശേഷം പതിച്ചു നൽകി വരുന്നു. ഇതിനു വേണ്ടി മറ്റു വകുപ്പുകളുടെ കൈവശത്തിലുള്ളതും ഉപയോഗത്തിൽ ഇല്ലാത്തതുമായ ഭൂമികളുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടി ആലോചിച്ച് നിരാക്ഷേപ പത്രം ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സർക്കാർ പദ്ധതികളിലൂടെ ഭൂരഹിതർക്ക് പട്ടയം ലഭിച്ചതിനുശേഷം ഭൂമി കൈമാറ്റം ചെയ്യുന്നതിന് | (സി) | ഭൂരഹിതർക്ക് 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 8 (1 A) പ്രകാരം പതി. |

| | | | |
|---|---|---|---|
| | നിബന്ധനകൾ നിശ്ചയിച്ചിട്ടുണ്ടോ;<br>വിശദമാക്കുമോ; | | നൽകിയ കൈവശത്തിലില്ലാത്ത ഭൂമി പരമ്പരാഗതമായി കൈമാറാവുന്നതും, എന്നാൽ പതിച്ച നൽകിയ തീയതി മുതൽ 12 വർഷക്കാലത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ അപ്രകാരം പതിച്ച നൽകുന്ന ഭൂമി 01.08.1971 ന മുമ്പുള്ള കൈവശമാണെങ്കിൽ (Occupied Land) കൈമാറ്റത്തിന് നിബന്ധനകളില്ലാത്തതുമാണ്. 1995 ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ച നൽകുന്ന ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം പതിച്ച നൽകിയ ഭൂമി പരമ്പാരാഗതമായി അനുഭവിക്കാവുന്നതും എന്നാൽ 12 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ 1993 ലെ കേരള ഭൂമി പതിച്ച നൽകൽ (01.01.1977 ന മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി ആവശ്യത്തിലേയ്ക്കോ ഭവന നിർമ്മാണത്തിനോ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ച നൽകാവുന്നതാണെന്ന് ചട്ടം 3-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ഈ ചട്ടങ്ങൾക്ക് കീഴിൽ പതിച്ച കിട്ടിയ ഭൂമി ചട്ടം 3-ൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള കാര്യങ്ങൾക്കല്ലാതെ മറ്റ ഏതൊരു ആവശ്യത്തിനും വിനിയോഗിക്കുകയില്ലായെന്ന നിബന്ധനകൾക്ക് വിധേയമായി അത് പരമ്പാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താവുന്നതുമാണെന്ന് ചട്ടം 15 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (ഡി) | സി.ആർ.ഇസഡ്. പരിധിയിൽ കൈവശരേഖ ഇല്ലാത്ത ഭൂമിയിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിന് പ്രത്യേക പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | പ്രത്യേകം പദ്ധതിയൊന്നുമില്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13,514 പട്ടയങ്ങളും, രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41,021 പട്ടയങ്ങളും ഉൾപ്പെടെ ആകെ 54,535 പട്ടയങ്ങൾ ഈ സർക്കാരിന്റെ കാലത്ത് നൽകിയിട്ടുള്ളതും, തുടർന്ന് വരും വർഷങ്ങളിൽ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. നിലവിൽ സംസ്ഥാനത്ത് ഭൂരഹിതർക്ക് 1960 ലെ കേരള ഭൂമി പതിവ് നിയമത്തിന് പരിധിയിൽപ്പെടുന്ന 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ, 1995 ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്ന ചട്ടങ്ങൾ, 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (01.01.1977 നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരവും ഭൂമി പതിച്ചു നൽകി വരുന്നു. മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി കൈവശം ഇരിക്കുന്നവർക്ക് ആ വകുപ്പിലേയ്ക്ക് ആക്ഷേപമില്ലാത്തപക്ഷം പ്രത്യേക ഉത്തരവ് പ്രകാരം ഭൂമി പതിച്ചു നൽകി വരുന്നതാണ്. ഭൂരഹിതർക്ക് 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 8 (1A) പ്രകാരം പതിവ് മുഖേന പതിച്ചു നൽകിയ കൈവശത്തിലില്ലാത്ത ഭൂമി പരമ്പരാഗതമായി കൈമാറുന്നതും എന്നാൽ പതിവു മുഖേന പതിച്ചു നൽകിയ തീയതി മുതൽ 12 വർഷക്കാലത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന വ്യവസ്ഥ ചെയ്തിട്ടുള്ളതും, അപ്രകാരം ഭൂമി കൈവശം 01.08.1971 നു മുമ്പുള്ളതാണെങ്കിൽ (Occupied Land) വ്യവസ്ഥയില്ലാത്തതും, ഭൂമി കൈവശം 01.08.1971 നു ശേഷമുള്ളതാണെങ്കിൽ (Unoccupied Land) വ്യവസ്ഥകൾക്ക് വിധേയമായി 12 വർഷം കഴിഞ്ഞും, 1995 ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്ന ചട്ടങ്ങളിലെ ചട്ടം 11 പ്രകാരം പതിവ് മുഖേന പതിച്ചു നൽകിയ ഭൂമി പരമ്പാഗതമായി അനുഭവിക്കാവുന്നതും എന്നാൽ 12 വർഷത്തേയ്ക്ക് അന്യാധീനപ്പെടുത്താൻ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ

ചെയ്തിട്ടുള്ളതാണ്. എന്നാൽ 1993 ലെ കേരള ഭൂമി പതിച്ചു നൽകൽ (01.01.1977 ന മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം വ്യക്തിഗത കൃഷി ആവശ്യത്തിലേയ്ക്കോ ഭവന നിർമ്മാണത്തിനോ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം പതിവു മുഖേന ഭൂമി പതിച്ചു നൽകാവുന്നതാണെന്ന് ചട്ടം 3 ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും, ഈ ചട്ടങ്ങൾക്ക് കീഴിൽ പതിച്ചു കിട്ടിയ ഭൂമി ചട്ടം 3 ൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള കാര്യങ്ങൾക്കല്ലാതെ മറ്റ് ഏതൊരു ആവശ്യത്തിനും വിനിയോഗിക്കുകയില്ലായെന്ന നിബന്ധനകൾക്ക് വിധേയമായി അത് പരമ്പരാഗതമായി അനുഭവിക്കാവുന്നതും അന്യാധീനപ്പെടുത്താവുന്നതുമാണെന്ന് ചട്ടം 15 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സി.ആർ.ഇസഡ് പരിധിയിൽ കൈവശരേഖ ഇല്ലാത്ത ഭൂമിയിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിന് പ്രത്യേക പദ്ധതിയൊന്നുമില്ലാത്തതാണ്.